# സെന്റ് ആന്റണീസ്

# എൽ.പി.സ്കൂൾ

# വരന്തരപ്പിള്ളി

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - '26

# PROFILE

| | |
|---|---|
| സ്കൂളിന്റെ പേര് | :സെന്റ് ആന്റണിസ് എൽ. പി. സ്കൂൾ, വരന്തരപ്പിള്ളി |
| ജില്ല | : തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | :തൃശ്ശൂർ |
| വിദ്യാഭ്യാസ ഉപജില്ല | :ചേർപ്പ് |
| പഞ്ചായത്ത് | :വരന്തരപ്പിള്ളി |
| സി.ആർ.സി. | :നന്തിപുലം |
| ഹെഡ്മാസ്റ്റർ | :ശ്രീ സെബി കെ.ജെ |
| മൊബൈൽ | :9895404655 |
| Email | : stantonyslpsvarandarappilly@gmail.com |

# ആമുഖം

ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണ്യങ്ങളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് അധ്യാപകർ ഉറപ്പുവരുത്തേണ്ടതുണ്ട്. പഠന വിഷയങ്ങൾക്കും ഓരോ മേഖലകൾക്കും ആശയ ദൃഢത ഉണ്ടാകണം. ഈ ലക്ഷ്യം മുന്നിൽകണ്ട് അധ്യാപകർ വിഷയം തിരിച്ച് എസ്.ആർ.ജി ചേർന്ന് പഠനപ്രവർത്തനങ്ങളുടെ ഒരു കരടു രൂപം തയ്യാറാക്കി സ്റ്റാഫ് കൗൺസിൽ, പി.ടി.എ, വാർഡ് മെമ്പർ എന്നിവരുടെ മുമ്പിൽ അവതരിപ്പിച്ചു. അവരുടെ വിലയേറിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. കുട്ടികളുടെ അക്കാദമിക മികവ് ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ മാസ്റ്റർപ്ലാൻ അതിന്റെ പരമോന്നത ലക്ഷ്യത്തിലെത്തിച്ചേരട്ടെ. അതിനായി നമ്മുടെ കഴിവിന്റെ പരമാവധി നമുക്ക് പരിശ്രമിക്കാം.

ലക്ഷ്യങ്ങൾ

നിത്യജീവിതവുമായി ബന്ധപ്പെട്ട് തന്റെ ജീവിതചുറ്റുപാടുമായോ, സാഹചര്യവുമായോ അല്ലാതെയോ നിരവധി പ്രശ്നങ്ങൾ കുട്ടികൾക്ക് അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. അവ കണ്ടെത്തി വിശകലനം ചെയ്ത് പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് ഗണിതപ്രവർത്തനങ്ങളിലൂടെ കുട്ടി നേടുന്നു. ഗണിതചിന്ത, യുക്തിചിന്ത, വിശകലനം ഇവയെല്ലാം കുട്ടികളിൽ വികസിപ്പിക്കുന്നു. പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിതം ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

സ്വന്തം അനുഭവങ്ങൾ, ആശയങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ അവതരിപ്പിക്കാൻ മലയാളഭാഷാപഠനം കുട്ടികളെ പ്രാപ്തരാക്കുന്നു. സ്വന്തം അനുഭവങ്ങളിൽനിന്ന് അനുഭവക്കുറിപ്പുകളും വായിച്ച പുസ്തകങ്ങളിൽനിന്നും മറ്റും വായനാക്കുറിപ്പുകളും തയ്യാറാക്കാനും സന്ദർഭങ്ങളനുസരിച്ച് സംഭാഷണരചനയ്ക്കും അവതരണത്തിനും കുട്ടികളെ സജ്ജരാക്കുന്നു. കണ്ടതും കേട്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുക, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ

ഭാഷയോടുള്ള കുട്ടികളുടെ താൽപര്യം വർധിക്കുന്നു.

ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ്ഭാഷ സംസാരിക്കുന്നതിലൂടെ കേട്ട്മനസ്സിലാക്കാനുള്ള കഴിവ് എല്ലാകുട്ടികളിലും വികസിക്കുന്നു. മികച്ച വായനാശീലവും തെറ്റുകൂടാതെ എഴുതുവാനുമുള്ള ശേഷിയും വികസിപ്പിക്കുന്നു. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ്ഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുവാനുമുള്ള കഴിവും മനോഭാവവും സ്വായത്തമാക്കുന്നു.

ഒരു കുട്ടിയുടെ ജീവിതത്തെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളും പരിസരപഠനത്തിൽ ഉൾപ്പെടുന്നു. സസ്യങ്ങൾ, ജന്തുക്കൾ, പുഴകൾ, മലനിരകൾ, കൊടുമുടികൾ, ഭൂമി, ആകാശം, വീടുകൾ, റോഡുകൾ, പട്ടണങ്ങൾ, ഗതാഗതസംവിധാനങ്ങൾ, അണക്കെട്ടുകൾ മുതലായവയും ആചാരങ്ങൾ, ആഘോഷങ്ങൾ, കല, സാഹിത്യം, ചരിത്രം എന്നിവയും ഉൾപ്പെടുന്നു. നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അറിവ് നേടി നിഗമനങ്ങളിൽ എത്തിച്ചേരുന്നതിന് കുട്ടികളെ സജ്ജരാക്കുന്നതിന് പരിസരപഠനത്തിലൂടെ സാധിക്കുന്നു.

## ലഘുചരിത്രം

1916 ജൂണിലാണ് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത്. 12 ഡിവിഷനുകളിലായി 400 ഓളം വിദ്യാർത്ഥികൾ ജാതിമതഭേദമന്യേ ഇവിടെ പഠിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെങ്കിലും പഠനകാര്യത്തിലും, പാഠ്യേതര വിഷയങ്ങളിലും സ്വഭാവരൂപീകരണത്തിലും വളരെ ശ്രദ്ധ ചെലുത്തുന്ന രക്ഷിതാക്കളാണ് ഇവിടെയുള്ളത്. ഇരുനില കോൺക്രീറ്റ് കെട്ടിടത്തിൽ 12 ക്ലാസ്സ്മുറികൾക്കു പുറമേ ലൈബ്രറി റൂം, കമ്പ്യൂട്ടർ റൂം, സ്മാർട്ട്ക്ലാസ്സ് റൂം എന്നിവയും ഉണ്ട്. കുട്ടികൾക്ക് യോജിച്ച ഭൗതികാന്തരീക്ഷമാണ് ഇവിടെയുള്ളത്. സ്കൂളിന്റെ വികസനം ലക്ഷ്യമാക്കി എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ. ഒപ്പമുണ്ട്. മാനേജ്മെന്റിന്റെ പൂർണ്ണസഹകരണവുമുണ്ട്.

പഠനരംഗത്ത് വളരെ മുന്നിലാണ് ഈ സ്കൂൾ. ഉപജില്ലാതലത്തിൽ നടത്തുന്ന ക്വിസ് പ്രോഗ്രാമുകളിൽ മിക്കവാറും സമ്മാനങ്ങൾ നേടാറുണ്ട്. 2023-24 ൽ ആറ് കുട്ടികളാണ് എൽ.എസ്.എസ് നേടിയത്. ഉപജില്ലാതലത്തിൽ നടത്തുന്ന കലാകായികപ്രവൃത്തിപരിചയ മേളകളിൽ നിരവധി സമ്മാനങ്ങൾ നേടാറുണ്ട്.

2016-17 അദ്ധ്യയനവർഷത്തിൽ നാട്ടുകാർ, രക്ഷിതാ

ക്കൾ, അധ്യാപകർ എന്നിവരുടെ സഹകരണത്തോടെ ഒരു സ്മാർട്ട്ക്ലാസ്റൂം പണിയുകയും എല്ലാ ക്ലാസ്സിലും ലൈറ്റ്, ഫാൻ, അലമാര, പാർക്ക്നവീകരണം എന്നി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.

2017-18 ൽ രണ്ട് ക്ലാസ്സ്മുറികൾ സ്മാർട്ട് ക്ലാസ്റൂം ആക്കുന്നതിനുള്ള ഭൗതികസൗകര്യം ഒരുക്കി. വായനാപ്രോത്സാഹനത്തിന് വിപുലമായ സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി ഒരുക്കിയിട്ടുണ്ട്.

# പദ്ധതി രൂപീകരണ പ്രക്രിയ

| പദ്ധതി | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| English Enhancement Programme<br>കുട്ടികളെ ഇംഗ്ലീഷ് ഭാഷ എഴുതുവാനും വായിക്കുവാനും, ശരിയായ ഉച്ചാരണത്തോടെ സംസാരിക്കുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു | * Students Radio<br>* English Assembly<br>* Spoken English Classes<br>* അസംബ്ലിയിൽ കഥ, കവിത, Skit, Speech എന്നിവ അവതരിപ്പിക്കൽ | അധ്യാപകർ<br>PTA | PTA |
| പച്ചക്കറിത്തോട്ടം | * ഗുണമേന്മയുള്ള വിത്തിനങ്ങളും തൈകളും നട്ട് ജൈവവളങ്ങൾ ഉപയോഗിച്ച് വിഷമില്ലാത്ത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നു. | അധ്യാപകർ<br>PTA | PTA<br>OSA |

## നിലവിലെ അവസ്ഥാവിശകലനം

2025-26 അക്കാദമിക വർഷത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 29 | 43 | 43 | 26 | 40 | 35 | 50 | 40 |
| ആകെ | 72 | | 69 | | 75 | | 90 | |

## അധ്യാപകർ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിര അധ്യാപകർ | 3 വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ പഠിപ്പിക്കുന്നവർ |
|---|---|---|---|
| എൽ.പി | 12 | 12 | |


# തനതുപ്രവർത്തനം

2025-26 അധ്യയന വർഷത്തിലെ തനതുപ്രവർത്തനമായി സാന്മാർഗ്ഗിമൂല്യങ്ങൾ എന്ന ആശയം നടപ്പിലാക്കുവാൻ തീരുമാനിച്ചു. അതിനായി ഓരോ മാസവും സാന്മാർഗ്ഗികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ, ബോധവൽക്കരണക്ലാസ്സുകൾ, ദൃശ്യാവിഷ്കാരങ്ങൾ, Video presentation, School radio സംപ്രേഷണം, പാവനാടകം, flashmob, ബോധവൽക്കരണസന്ദേശങ്ങൾ പ്രചരിപ്പിക്കൽ എന്നിവ നടത്തുവാൻ ആസൂത്രണം ചെയ്തു. ജന്മദിനങ്ങളിലും മറ്റു വിശേഷാവസരങ്ങളിലും കുട്ടികൾക്ക് ഉപകാരപ്രദമാകുന്ന തരത്തിലുള്ള സാധനങ്ങൾ പങ്കുവെക്കുക എന്ന മൂല്യം ഊട്ടിഉറപ്പിക്കുന്ന പദ്ധതിയും ഇതോടൊപ്പം ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസടിസ്ഥാനത്തിൽ തനതുപ്രവർത്തനങ്ങൾ എല്ലാ മാസവും നടത്തുമെന്നും തീരുമാനിച്ചു.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| പ്രീ ടെസ്റ്റ്<br>മുന്നറിവ് പരിശോധന | • ചിത്രങ്ങളിലെ ഗണിത രൂപങ്ങൾ എണ്ണി എഴുതൽ<br>• പട്ടിക പൂർത്തിയാക്കൽ<br>• ആരോഹണക്രമം<br>• അവരോഹണക്രമം<br>• ആരോഹണക്രമം<br>• അവരോഹണക്രമം<br>• സംഖ്യാവ്യാഖ്യാനം<br>• 1 മുതൽ 1000 വരെ യുള്ള സംഖ്യകൾ എഴുതുന്നു<br>• പാറ്റേണുകൾ നൽകി വലുത്, ചെറുത് എന്നിവ കണ്ടെത്തുന്നു.<br>• സംഖ്യാബോധം പരിശോധിക്കുന്നു<br>• വലുത്, ചെറുത് അടുത്തത്, മുന്നിലെ സംഖ്യ ഏത് എന്നിങ്ങനെ ക്രമപ്പെടുത്തൽ<br>• ചെറിയ സംഖ്യകളുടെ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം<br><br>പ്രശ്നാപഗ്രഥനം - നിത്യ ജീവിതവുമായി ബന്ധപ്പെട്ട ലഘു പ്രശ്നങ്ങങ്ങൾ<br>ഉദാഹരണം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ബാഗ്, പെൻസിൽ തുടങ്ങിയ വാങ്ങിച്ചപ്പോൾ എത്ര ചെലവായി<br>• 399, ________, ________<br>• 429, ________, 431<br>• 210, 220, ________<br>• ഗണിത രൂപങ്ങൾ എഴുതൽ<br>• സ്ഥാനവില എഴുതൽ<br>• സംഖ്യാവ്യാഖ്യാനം<br>• ലഘു സങ്കലനം<br>• ലഘു വ്യവകലനം | ജൂൺ | അദ്ധ്യാപിക | |
| സംഖ്യാബോധം | കൈവിരൽ ഉപയോഗിച്ച് എണ്ണുന്നു. വസ്തുക്കൾ എണ്ണുന്നു. ചിത്രങ്ങൾ എണ്ണുന്നു. നിശ്ചിത എണ്ണത്തിനും ചുറ്റും വൃത്തം വരയ്ക്കുന്നു. കൂട്ടങ്ങളാക്കുന്നു. സംഖ്യാ വ്യാഖ്യാനം., പാറ്റേണിന്റെ യുക്തി കണ്ടെത്തുന്നു. ആരോഹണക്രമം, അവരോഗണ ക്രമം, മുമ്പുള്ളത് ശേഷമുള്ളത്. വലുത് ചെറുത് എന്നിവ കണ്ടെത്തൽ. അബാക്കസ്, സംഖ്യാക്കിറ്റുകൾ, സംഖ്യാകാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | ജൂൺ | ഗണിതാ-ധ്യാപിക<br><br>SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **സങ്കലനം**<br>3. പ്രായോഗിക പ്രശ്ന പരിഹാരങ്ങളിൽ അപഗ്രഥനത്തോടൊപ്പം സങ്കലനത്തിന്റെ പ്രസക്തിയും പ്രയോഗവും ബോധ്യപ്പെടുത്തുന്നു. | 3. വസ്തുക്കൾ ഉപയോഗിച്ച്, അബാക്കസ് ഉപയോഗിച്ച് ഈർക്കിൽ കെട്ടുകൾ ഉപയോഗിച്ച്, സംഖ്യാവ്യാഖ്യാനം, സംഖ്യാമാല, പാറ്റേണുകൾ കണ്ടെത്തൽ, സംഖ്യാ കാർഡുകൾ, കളിനോട്ടുകൾ, ചാർട്ട് പേപ്പറുകൾ, സംഖ്യാ കിറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനം. | ജൂൺ - മാർച്ച് | ഗണിതാധ്യാപിക | |
| **വ്യവകലനം**<br>തന്റെ ജീവിത ചുറ്റുപാടുമായോ, സാഹചര്യമായോ അല്ലാതെയുള്ള നിരവധി പ്രായോഗിക പ്രശ്നങ്ങൾ നൽകിയതിലൂടെ അവയെ വിശകലനം ചെയ്ത് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കുട്ടി കഴിവ് നേടുന്നു. | 3. വസ്തുക്കൾ ഉപയോഗിച്ച്, അബാക്കസ്, ഈർക്കിൽ കെട്ട്, സംഖ്യാവ്യാഖ്യാനം, മാലമണി, പാറ്റേണുകൾ കണ്ടെത്തൽ, സംഖ്യാപിരമിഡ്, പരസ്പരം ബന്ധം കണ്ടെത്തൽ | ജൂൺ - മാർച്ച് | ഗണിതാധ്യാപിക<br>രക്ഷാകർത്താക്കൾ<br>IED Trainer | |
| **പ്രശ്നാപഗ്രഥനം**<br>ഗണിത ചിന്ത, യുക്തിചിന്ത, വിശകലനം, ഇവയെല്ലാം കുട്ടികളിൽ വികസിപ്പിക്കുക. പ്രായോഗിക പ്രശനങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തിനെ പ്രയോജനപ്പെടുത്തുന്നു. | * പ്രശ്നം രൂപീകരിക്കുന്നു.<br>* അപഗ്രഥനം (വ്യക്തിഗതർ, ഗ്രൂപ്പ്)<br>* വ്യത്യസ്ത വഴികൾ കണ്ടെത്തുന്നു.<br>* മൂല്യനിർണയം നടത്തുന്നു.<br>* സ്വയം തെറ്റുകൾ തിരുത്തുന്നു.<br>* നിർദ്ധാരണം ചെയ്യുന്നു.<br>* നിത്യജീവിതവുമായും സാമൂഹ്യവളർച്ചക്കും യോജിച്ച പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നു. | ജൂൺ - മാർച്ച് | ഗണിതാധ്യാപിക<br>ക്ലാസ്ടീച്ചർ<br>രക്ഷിതാക്കൾ<br>IED Trainer | |
| **ഗുണനം**<br>നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗുണനപ്രക്രിയ ഉപയോഗിക്കാൻ പ്രാപ്തരാക്കാൻ | * സങ്കലനമാണ് ഗുണനം എന്ന ആശയം നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കുട്ടിക്ക് കഴിയുന്നു.<br>* ഗുണനവസ്തുക്കൾ രൂപീകരിച്ച് ഗുണനപട്ടികകൾ നിർമ്മിക്കുന്നു.<br>* പസിലുകൾ പരിഹരിക്കുന്നു.<br>* പാറ്റേണുകൾ രൂപീകരിക്കുന്നു.<br>* മനഃക്കണക്ക്<br>* ICT സാദ്ധ്യത<br>* ഗണിത ലാബ്<br>* പട്ടികപ്പെടുത്തുന്നു.* നിർദ്ധാരണം ചെയ്യുന്നു.<br>* നിത്യജീവിതവുമായും സാമൂഹ്യവളർച്ചക്കും യോജിച്ച പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നു. | ജൂൺ - മാർച്ച് | BRC<br>MLA Fund<br>വികസന സമിതി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹരണം<br>നിത്യജീവിത സന്ദർഭങ്ങളിൽ ഹരണ ക്രിയ ഉപയോഗപ്പെടുത്തി പരിഹരിക്കേണ്ട പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നത് | • ആവർത്തന വ്യവകലനം<br>• തുല്യമായ പങ്കുവെയ്ക്കൽ വസ്തുക്കൾ ഉപയോഗിച്ച്<br>• ഹരണ വസ്തുതകൾ ഗുണനവുമായി ബന്ധപ്പെടുത്തൽ<br>• ഹരണവുമായി ബന്ധപ്പെട്ട ലഘു പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യുന്നു.<br>• ചിത്രങ്ങൾ നിരീക്ഷിച്ച് പരസ്പരബന്ധം കണ്ടെത്തുന്നു.<br>• വിസ്മയ ചുമർ<br>• സംഖ്യാ കിറ്റുകൾ | ജൂൺ - മാർച്ച് | രക്ഷാ കർത്താക്കൾ<br>IED Trainer | |
| രൂപങ്ങൾ തിരിച്ചറിയൽ<br>കരചലന ശേഷി വികസനം<br>സർഗ്ഗാത്മക ചിന്ത | • ഈർക്കിൽ ഉപയോഗിച്ച് രൂപങ്ങൾ ഉണ്ടാക്കുന്നു.<br>• രൂപങ്ങൾ വരയ്ക്കുന്നു.<br>• രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു.<br>• രൂപങ്ങൾ നിർമ്മിക്കുന്നു.<br><br>• രൂപങ്ങൾ തിരിച്ചറിയുന്നു.<br>• ആകൃതിക്കനുസരിച്ച് വസ്തുക്കളെ പട്ടികപ്പെടുത്തുന്നു.<br>• വ്യത്യസ്ത രൂപങ്ങളുടെ വശങ്ങളുടെ എണ്ണം കണ്ടെത്തുന്നു. | ഡിസംബർ - മാർച്ച് | ഗണിതാദ്ധ്യാപിക<br>PTA | |
| | • ജ്യാമിതിയ രൂപങ്ങൾ ഒട്ടിച്ച് മരം ഉണ്ടാക്കുന്നു.<br>• Tangram<br>• കുത്തുകൾ യോജിപ്പിച്ച് വ്യത്യസ്ത രൂപങ്ങൾ ഉണ്ടാക്കുന്നു.<br>• ഗണിത മാഗസിൻ<br>• ജ്യാമിതിയ രൂപങ്ങളുടെ പാർക്ക്<br>• മെട്രിക്ക് മേള<br>• I T സാദ്ധ്യത<br>• ഗണിതോത്സവം. | ഡിസംബർ - മാർച്ച് | PTA<br>BRC | 3000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **അളവുകൾ - തൂക്കങ്ങൾ**<br>സ്വന്തം ജീവിത പരിസരത്തിൽനിന്നും അനുഭവ മണ്ഡലത്തിൽനിന്നും അളവുകളും തൂക്കങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. കരചലനശേഷി വികസനം, കൃത്യത, സൂക്ഷ്മത | • ഊഹിച്ചു കണ്ടെത്തുന്നു. അംഗീകൃതമല്ലാത്ത ഏകകം ഉപയോഗിച്ച കണ്ടെത്തുന്നു. (ചാൺ, കാൽപാദം, വടി, കല്ല്) വിവിധ വസ്തുക്കൾ.<br>• അംഗീകൃത ഏകകം (Sclae, Measuring Jar) തൂക്കുകട്ടികൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക രൂപീകരണം<br>• നിർമ്മാണ പ്രവർത്തനം (Weighing Balance, Scale, Measuring Pots) തൂക്കുകട്ട<br>• Measuring Puzzles)<br>• ക്ലാസ്സ് അന്തരീക്ഷം, വിദ്യാലയാന്തരീക്ഷം, തുടങ്ങിയവ പാഠം ഭാഗങ്ങൾക്കനുസൃതമായി വിഷയബന്ധിതമാക്കുക.<br>• BALA ( Builcing Ss a Learning Aid) | നവംബർ | ഗണിതാദ്ധ്യാപിക | 2000 |
| | പ്രക്രിയാ ശേഷി വികസനത്തിന്റെ നേരനുഭവങ്ങളിലേക്ക് ഗണിത വർക്ക്ഷോപ്പ് | ഡിസംബർ | MLA Fund<br>Minister Fund | 100000 |
| | മെട്രിക്ക് മേള<br>ഗണിതോത്സവം<br>ഗണിതലാബ്<br>വിസ്മയചുമർ | ഡിസംബർ | HM<br>SRG<br>Former Students Association | 2000 |
| **കലണ്ടർ - സമയം**<br>സമയ ദൈർഘ്യത്തെക്കുറിച്ചുള്ള ബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിനും വ്യത്യസ്ത ജീവിത മേഖലകളിൽ കണ്ടെത്തുന്നു. | • വാച്ച്, ക്ലോക്ക് നോക്കി സമയം പറയൽ.<br>• കലണ്ടർ നിർമ്മാണം.<br>• ഊഹിച്ചു പറയൽ<br>• ഇംഗ്ലീഷ്, മലയാളം, ശകവർഷം, ഹിജറ വർഷം കണ്ടെത്തൽ, വിശേഷ ദിവസങ്ങൾ, അവധി ദിവസങ്ങൾ കണ്ടെത്തൽ, ക്ലോക്ക് നിർമ്മാണം, സൂക്ഷ്മമായി സമയം കണ്ടെത്തൽ, യുക്തിചിന്തയോടെ സമയ ദൈർഘ്യം കണ്ടെത്തൽ. | ജനുവരി-മാർച്ച് | BRC<br>PTA<br>OSA | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഭിന്നസംഖ്യ പരിചയപ്പെടൽ**<br>നിത്യജീവിതവുമായി ബന്ധപ്പെട്ട് പകുതി, കാൽ, മുക്കാൽ എന്ന ആശയം കുട്ടികൾക്ക് ലഭിക്കുന്നതിന് | • പപ്പടം, കേക്ക്, ബിസ്ക്കറ്റ് ഇവ തുല്യമായി 2, 4 കഷണങ്ങളാക്കി 1/2, 1/4 എന്ന ആശയം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.<br>• ചതുരം, വൃത്തം ഇവ വരച്ച് നിശ്ചിത Fraction shade ചെയ്യുന്നു.<br>(ഉദാ: 1/2, 1/4, 3/4 ഷെയ്ഡ് ചെയ്യുന്നു)<br>• നിശ്ചിത എണ്ണങ്ങളുടെ പകുതി, കാൽ, മുക്കാൽ ഭാഗം കണ്ടെത്തുന്നു.<br>• പകുതി, നാലിലൊന്ന് എന്ന ആശയം എണ്ണവുമായി ബന്ധപ്പെടുത്തുന്നു. | ജനുവരി-മാർച്ച് | ഗണിതാധ്യാപിക | |
| | • ഒരു സ്ഥലത്തെ നാലു ഭാഗങ്ങളാക്കുന്നതിന്.<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>• ICT സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജനുവരി-മാർച്ച് | രക്ഷിതാക്കൾ | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പ്രീ ടെസ്റ്റ് | * പ്രീ ടെസ്റ്റ് നടത്തുന്നു.<br>* പിന്നാക്കക്കാരെ കണ്ടെത്തുന്നു<br>* ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>* ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു.<br>* അക്ഷര കാർഡിലൂടെ വാക്കുകൾ രൂപകരിക്കൽ<br>* വാക്കുകളിൽനിന്ന് വാക്കുകൾ ഉണ്ടാക്കൽ. | 2 മാസം | ചിത്രങ്ങൾ<br>കാർഡുകൾ<br>ICT | Trainer |
| ചിത്രവായന | ചിത്രം നൽകി ചോദ്യങ്ങളിലൂടെ ചിത്രത്തെക്കുറിച്ച് പറയാൻ അവസരം നൽകുന്നു. | വർഷം മുഴുവനും | ചിത്രങ്ങൾ<br>C D<br>I C T | BRC<br>Trainer |
| കവിതാലാപനം | I C T ഉപയോഗിച്ച് നിരവധി കവിതകൾ കേൾപ്പിക്കുന്നു. കുട്ടികൾ ഈണം കണ്ടെത്തി ആലപിക്കുന്നു. | വർഷം മുഴുവനും | C D<br>I C T | BRC<br>Trainer |
| സംഭാഷണം | സന്ദർഭങ്ങളനുസരിച്ച് സംഭാഷണ രചനയ്ക്കും അവതരണത്തിനും അവസരമൊരുക്കുന്നു. | വർഷം മുഴുവനും | പുസ്തകങ്ങൾ<br>C D | Trainer |
| അനുഭവക്കുറിപ്പ് | സ്വന്തം അനുഭവങ്ങൾ, ആശയങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ അവതരിപ്പിക്കുന്നു. | 6 മാസം | ചിത്രങ്ങൾ<br>ICT | BRC<br>Trainer |
| കടങ്കഥ, പഴഞ്ചൊല്ലുകൾ അവതരിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട കടങ്കഥകൾ കണ്ടെത്തുന്നു. പഴഞ്ചൊല്ലുകൾ കണ്ടെത്തുന്നു. | 6 മാസം | പുസ്തകങ്ങൾ<br>ICT | BRC<br>PTA |
| ലളിതമായ ഭാഷയിൽ കുറിപ്പ് എഴുതുന്നു | സ്വന്തം അനുഭവങ്ങളിൽനിന്ന് അനുഭവക്കുറിപ്പുകളും, വായിച്ച പുസ്തകങ്ങളിൽനിന്നും മറ്റും വായ.നാക്കുറിപ്പുകളും തയ്യാറാക്കുന്നു. | വർഷം മുഴുവൻ | ചിത്രങ്ങൾ<br>പുസ്തകങ്ങൾ | BRC<br>PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പോസ്റ്റർ നിർമാണം | ലളിതവും ആകർഷകവുമായ രീതിയിൽ പോസ്റ്ററുകൾ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | ICT ചാർട്ട് ചിത്രങ്ങൾ | Trainer |
| അറിയിപ്പ്, ക്ഷണക്കത്ത് എന്നിവ തയ്യാറാക്കുന്നു. | നിരവധി ഉദാഹരണങ്ങളിലൂടെ അറിയിപ്പ്, ക്ഷണക്കത്ത് എന്നിവ തയ്യാറാക്കുന്നു. | 6 മാസം | ക്ഷണക്കത്തുകൾ അറിയിപ്പുകൾ | PTA Trainer |
| ഡയറി തയ്യാറാക്കുന്നതിന് | ദൈനംദിന അനുഭവങ്ങൾ ഉൾപ്പെടുത്തി ഡയറി തയ്യാറാക്കുന്നു. | 3 മാസം | പുസ്തകങ്ങൾ | Trainer |
| സൂചനകൾ നൽകി കഥ വികസിപ്പിച്ചെഴുതൽ | ചിത്രങ്ങൾ, വാക്കുകൾ എന്നിവയിൽനിന്ന് കഥ വികസിപ്പിച്ചെഴുതുന്നു. | വർഷം മുഴുവൻ | ചിത്രങ്ങൾ കാർഡുകൾ പുസ്തകങ്ങൾ ICT | PTA Trainer |
| കഥാരചന | കവിതകൾ നൽകിയും ആശയങ്ങൾ നൽകിയും കഥാരചനയിലേക്ക് നയിക്കുന്നു. | വർഷം മുഴുവൻ | ചിത്രങ്ങൾ പുസ്തകങ്ങൾ CD, ICT | PTA Trainer |
| കവിതാരചന | ചിത്രങ്ങൾ നൽകിയും കഥകൾ നൽകിയും സന്ദർഭങ്ങൾ നൽകിയും കവിതാ രചന നടത്തുന്നു. | വർഷം മുഴുവൻ | ചിത്രങ്ങൾ പുസ്തകങ്ങൾ CD, ICT | PTA Trainer |
| വിവരണം | കണ്ടതോ, കേട്ടതോ അനുഭവിച്ചതോ ആയ കാര്യങ്ങൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുന്നു. | 3 മാസം | ചിത്രങ്ങൾ പുസ്തകങ്ങൾ ICT | BRC Trainer |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ചുമർപത്രിക തയ്യാറാക്കുന്നതിന് | കുട്ടികൾ തയ്യാറാക്കിയ കഥ, കവിത, പോസ്റ്റർ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ചിത്രീകരണങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി എല്ലാ ആഴ്ചകളിലും ചുമർ പത്രിക തയ്യാറാക്കുന്നു. | വർഷം മുഴുവൻ | ICT<br>CD<br>പുസ്തകങ്ങൾ | BRC<br>PTA<br>Trainer |
| പതിപ്പ് തയ്യാറാക്കുന്നതിന് | എല്ലാ ചുമർപത്രികകളിലേയും മികച്ചവ തെരഞ്ഞെടുത്ത് പതിപ്പ് തയ്യാറാക്കുന്നു. പ്രകാശനം ചെയ്യുന്നു. | 1 മാസം | ശേഖരണങ്ങൾ | PTA<br>Trainer |
| പത്രവാർത്ത തയ്യാറാക്കുന്നതിന് | പത്രവായനയ്ക്ക് ക്ലാസ്സിൽ അവസരം ഒരുക്കുന്നു. ഇതിൽ വാർത്ത തയ്യാറാക്കുന്ന രീതി ശ്രദ്ധിക്കുന്നു. പത്രക്വിസ് സംഘടിപ്പിച്ച് ഇതിലേക്ക് കുട്ടികളെ ആകർഷിക്കുന്നു. | വർഷം മുഴുവനും | പത്രങ്ങൾ | PTA |
| തലക്കെട്ട്, അടിക്കുറിപ്പ് തയ്യാറാക്കുന്നതിന് | തലക്കെട്ടിനും, അടിക്കുറിപ്പിനും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു. | 3 മാസം | ICT<br>പുസ്തകങ്ങൾ | Trainer |
| ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിന് | പാഠഭാഗത്തുള്ള എല്ലാ കവിതകളുടേയും കഥാഭാഗങ്ങളുടേയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. എഴുതിയ ആൾ, പ്രധാന ആശയം, പ്രത്യേകം ഇഷ്ടപ്പെട്ട വരികളോ, വാക്യങ്ങളോ എല്ലാം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നു. നിരവധി ഉദാഹരണങ്ങൾ കാണിക്കുന്നു. | വർഷം മുഴുവൻ | CD<br>ICT<br>പുസ്തകങ്ങൾ | Trainer<br>PTA |
| ആത്മകഥ തയ്യാറാക്കുന്നതിന് | പെൻസിൽ, റോസാച്ചെടി ഇങ്ങനെ ചെറിയ ചെറിയ വസ്തുക്കൾ സ്വന്തം കഥ പറയുന്നതായി കാണിച്ച് ആത്മകഥ എഴുതാൻ പ്രാപ്തിയുള്ളവരാക്കുന്നു. | 6 മാസം | CD<br>ICT<br>പുസ്തകങ്ങൾ | Trainer<br>BRC |
| വർണ്ണന | ഭാഷാവസ്തുതകൾ മനസ്സിലാക്കിയ ശേഷം വർണ്ണന നന്നായി എഴുതുന്നു. സൂക്ഷ്മമായി നിരീക്ഷിച്ച് കണ്ട ഓരോ കാഴ്ചകളും വർണ്ണിച്ചെഴുതുന്നു. | 2 മാസം | ICT<br>പുസ്തകങ്ങൾ | Trainer |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| Pre Test | * വാക്യപൂരണം<br>* Write the names of birds, animals and flowers<br>* Match the following pictures and words<br>* Picture discription<br>* Discription<br>* Prepositions<br>* Introduce myself and my family<br>* Writting the missing letters<br>* Write words from given wordds<br>* Add more lines<br>* Riddles<br>* Puzzles<br>* make questions from the given passage | 2 Weeks | BRC<br>PTA<br>Trainer | |
| Speaking<br>ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നു. കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു. | * ഇംഗ്ലീഷ് അസംബ്ലി<br>* Siple instructions പ്രയോജനപ്പെടുത്തുക. ആഴ്ചയിൽ രണ്ട് ദിവസം എല്ലാ കുട്ടികളും അവതരിപ്പിക്കുന്നു.<br>* ICT, Radio<br>* ഇംഗ്ലീഷ്, ഫെസ്റ്റ്<br>* Spoken English class. കഥ, കവിത Skit, Speech എന്നിവ കുട്ടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ<br>2 ദിവസം | ഇംഗ്ലീഷ്<br>അദ്ധ്യാപിക | |
| വായന<br>മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികരസിപ്പിക്കുക | * ചിത്രവായന<br>* Reading Corner<br>* Reading competition. മലയാളം കുട്ടിക്കഥകൾ ഇംഗ്ലീഷിലേക്ക് തർജ്ജമ<br>* വായനാക്കുറിപ്പ്<br>* Rhyming words കണ്ടെത്തൽ, action words characters കണ്ടെത്തൽ<br>* റൈമിംഗ് അവതരണം<br>* ICT സാദ്ധ്യത പ്രയോജനപ്പെടുത്തും.<br>* Lesson, Rhymn കേൾപ്പിക്കുന്നു. | ആഴ്ചയിൽ<br>1 ദിവസം | ക്ലാസ്സ്<br>ടീച്ചർ | |
| ലേഖനം<br>തെറ്റുകൂടാതെ ഇംഗ്ലീഷ് ഭാഷ എവുതാനുള്ള ശേഷി വികസിപ്പിക്കുക | * Disctionary നിർമ്മാണം.<br>* English പദപ്രശ്നം പൂരിപ്പിക്കുക.<br>* മാഗസിൻ നിർമ്മാണം<br>* കത്തെഴുതൽ<br>* ഡയറിക്കുറിപ്പ്- ആഴ്ചയിൽ വീട്ടിലും സ്കൂളിലും നടന്ന കാര്യങ്ങൾ<br>* Conversation പൂർത്തിയാക്കൽ.<br>* Word web:-<br>* പദത്തിൽനിന്ന് വാക്യത്തിലേക്ക് | പ്രതി മാസ<br>പരിപാടി | ഇംഗ്ലീഷ്<br>അദ്ധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | * Picture Description എഴുതുന്നു<br>* Rhyming words കണ്ടെത്തൽ<br>* Role play അവതരണം<br>* Phone in programme അവതരണം<br>* Describe an event<br>* Magic Wall പ്രയോജനപ്പെടുത്തുന്നു<br>* Jumbled sentances ക്രമപ്പെടുത്തൽ | ആവശ്യാനുസരണം<br><br>Once in a month | ഇംഗ്ലീഷ് അദ്ധ്യാപിക | |
| ഇംഗ്ലീഷ് ഭാഷാ പഠന വികസനം | * ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു.<br>* ചുമർ പത്രിക-കുട്ടികളുടെ നിർമാണ പ്രവർത്തനങ്ങൾ.<br>* കൊളാഷ് നിർമ്മാണം<br>* പാഠപുസ്തകഭാഗത്തെ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പിൽ അവതരിപ്പിക്കൽ<br>* കുട്ടീസ് റേഡിയോ<br>* ICT ഉപയോഗം (കഥകൾ, കവിതകൾ, സ്കിറ്റ് അവതരണം)<br>* Simple English grammer പ്രവർത്തനങ്ങൾ | പ്രതിമാസ പരിപാടി<br><br>ആവശ്യാനുസരണം<br><br>ആഴ്ചയിൽ 1 ദിവസം<br><br>ആവശ്യാനുസരണം | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് | |
| CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക | * ഇംഗ്ലീഷ് അക്ഷരമാല ഉപയോഗിച്ച് പദനിർമാണം<br>* Picture reading<br>* RHyming Words<br>* Word Games<br>* Simple Puzzle<br>* Simple instructions പ്രദർശിപ്പിക്കൽ പ്രയോജനപ്പെടുത്തൽ<br>* Simple Riddes അവതരണം<br>* ICT ഉപയോഗം<br>* English Festൽ പങ്കാളിത്തം<br>* അക്ഷരചിത്രം വരയ്ക്കൽ<br>* Fill in the blanks-words, sentences<br>* പദങ്ങൾ, വാക്യങ്ങൾ കണ്ടെത്തി പറയൽ<br>* Stampit ഉപയോഗം<br>* നിറം കൊടുക്കൽ<br>* Jumpled Letters ക്രമപ്പെടുത്തൽ<br>* Word Web കണ്ടെത്തുന്നു. | | ഇംഗ്ലീഷ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | |
|---|---|---|---|---|
| സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക | * English Fest ലെ പങ്കാളിത്തം ഉറപ്പു വരുത്തൽ<br>* ക്ലാസ്സ് റൂം, സ്കൂൾതല പ്രവർത്തനങ്ങളിലെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.<br>(സ്കൂൾ അസംബ്ലി, Roll play, Speech etc.)<br>* ഡയറിയെഴുത്ത്, ലളിതമായ ഭാഷയിൽ വ്യത്യസ്ത വ്യവഹാര രൂപങ്ങളുടെ അവതരണം.<br>* ഗുണപാഠം കണ്ടെത്തി പറയൽ<br>* നല്ല ഭാഷാപ്രയോഗം (conversation, class room situations) പ്രയോഗിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ<br>ഇംഗ്ലീഷ് അദ്ധ്യാപിക | |
| ശരിയായ മൂല്യങ്ങൾ, മനോഭാവങ്ങൾ വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക | * ശരിയായ ഭാഷാപ്രയോഗങ്ങൾ പ്രയോഗിക്കുന്നു.<br>* ആചാര മര്യാദകൾ സൂചിപ്പിക്കുന്ന Simple instructions എഴുതി പ്രദർശിപ്പിക്കുന്നു.<br>* ഗുണപാഠം കണ്ടെത്തി പറയുന്നു | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ<br>ഇംഗ്ലീഷ് അദ്ധ്യാപിക | |